## പതിനാലാം കേരളനിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2010 | 06.02.2019-ൽ മറുപടിക്ക് |
|---|---|

### റോഡപകടങ്ങളിൽ പെടുന്നവരുടെ ചികിത്സ

| ചോദ്യം<br>ശ്രീ. വി.പി.സജീന്ദ്രൻ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | വാഹനാപകടത്തിൽ പെടുന്നവരുടെ ജീവൻ രക്ഷിക്കുവാൻ ശ്രമിക്കുന്നവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ നീക്കണമെന്നും അവർക്ക് സംരക്ഷണം നൽകണമെന്നുമുള്ള സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹനാപകടങ്ങളിൽപ്പെടുന്നവരുടെ ജീവൻ രക്ഷിക്കാൻ ശ്രമിക്കുന്നവർക്ക് നിയമപരമായ ബുദ്ധിമുട്ടുകൾ ഉണ്ടാകാതെയിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. അവരെ അകാരണമായി സ്റ്റേഷനിൽ വിളിച്ചുവരുത്തി ചോദ്യം ചെയ്യുകയോ, കേസുമായി ബന്ധപ്പെട്ട് മറ്റ് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുകയോ ചെയ്യാറില്ല. മറ്റ് സാക്ഷികളുടെ അഭാവത്തിലും, ചില പ്രത്യേക സാഹചര്യത്തിലും മാത്രമേ കേസിൽ മേൽപ്പറയുന്ന ആളുകളെ സാക്ഷികളാക്കുകയുള്ളു. എന്നാൽ അപകടസമയത്ത് സഹായിച്ച എന്ന കാരണത്താൽ മാത്രം സ്റ്റേഷനിൽ വിളിച്ച് വരുത്തുകയോ, മറ്റ് എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയോ ചെയ്യാറില്ലാത്തതുമാണ്. ഇക്കാര്യത്തിന് പി.എച്ച്.ക്യൂ. സർക്കുലർ നം.06/2009 പ്രകാരം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (ബി) | നിലവിൽ പരിഗണനയിലില്ല. |
| (സി) | റോഡപകടങ്ങളിൽ പെടുന്നവർക്ക് അതിവേഗം വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (സി) | റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അതിവേഗം വിദഗ്ധ ചികിത്സ കിട്ടുന്നതിനായി പോലീസ് ആഭിമുഖ്യത്തിൽ ട്രോമാ കെയർ പരിശീലനം ഓട്ടോ/ടാക്സി ഡ്രൈവർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് സ്റ്റേഷൻ പരിധിയിലെയും ഹൈവേ സുരക്ഷാ ജാഗ്രതാ സമിതി അംഗങ്ങൾ, യൂത്ത് ക്ലബ്ബുകൾ എന്നിവയിലെ അംഗങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ഹൈവേ കർമ്മ സമിതികൾ പ്രവർത്തിച്ചുവരുന്നു. ഐ.എം.എ കേരള ഘടകവുമായി ചേർന്ന് കേരളത്തിലെ എല്ലാ ആംബുലൻസുകളെയും ഉൾപ്പെടുത്തി ഡ്രൈവർമാർക്ക് ട്രോമാ കെയർ ട്രെയിനിംഗ് നൽകിയിട്ടുള്ളതും, ആംബുലൻസുകളെ ആധുനിക സാങ്കേതിക വിദ്യയുടെ സഹകരണത്തോടെ വളരെ പെട്ടെന്ന് വിദഗ്ധ ചികിത്സ ലഭ്യമാക്കത്തക്ക വിധത്തിലുള്ളതാക്കി മാറ്റുകയും (ട്രോമാ റസ്ക്യൂ ഇൻഷ്യേറ്റീവ്-TRI), ഒരു ഫോൺ നമ്പർ കൊണ്ടു തന്നെ (9188 100 100) സംസ്ഥാനത്തെ മുഴുവൻ ആംബുലൻസുകളേയും നെറ്റ് വർക്ക് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് മൂലം അപകടം നടന്ന സ്ഥലത്തിനടുത്തുള്ളതും, ഏറ്റവും എളുപ്പത്തിൽ വിദഗ്ധ ചികിത്സ ലഭിക്കുന്നതുമായ ആശുപത്രികളെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും അപകടത്തിൽപ്പെട്ട ആൾക്കോ, രക്ഷാപ്രവർത്തകർക്കോ ലഭിക്കുകയും, അങ്ങനെ അപകടത്തിൽപ്പെട്ടയാളെ വളരെ വേഗം ആശുപത്രിയിൽ എത്തിക്കുവാൻ സാധിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | അപകടങ്ങളിൽ പെടുന്നവർക്ക് ആദ്യ 48 മണിക്കൂർ സർക്കാർ/സ്വകാര്യ ആശുപത്രികളിൽ പൂർണ്ണമായും സൗജന്യ ചികിത്സ ലഭ്യമാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിലുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | (ഡി) | മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 02.11.2017 ൽ ചേർന്ന യോഗത്തിൽ അപകടങ്ങളിൽപെടുന്നവർക്ക് സർക്കാർ-സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനായി തീരുമാനം എടുത്തിരുന്നു.<br>റോഡപകടങ്ങളിൽപെടുന്നവരുടെ ജീവൻ രക്ഷിക്കുവാനായി ആദ്യ മണിക്കൂറിൽ (golden hour) അപകടത്തിൽപ്പെടുന്നവരെ അപകട സ്ഥലത്തുനിന്നും മതിയായ ചികിൽസാ സംവിധാനമുള്ള സർക്കാർ/സ്വകാര്യ ആശുപത്രികളിൽ എത്തിക്കുന്നതിന് കൃത്യമായ പരിശീലനം ലഭിച്ച ജീവനക്കാരും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള ഗുണനിലവാരമുള്ള ആംബുലൻസുകളും കേന്ദ്രീകൃത സ്വഭാവത്തോടെ സർക്കാർ-സർക്കാരേതര ഏജൻസികളുമായി സഹകരിച്ച് ഒരു കോൾ സെൻറർ മുഖേന ജി.പി.എസ് നിയന്ത്രിത ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തു. പ്രസ്തുത ആംബുലൻസ് സംവിധാനം സജ്ജമാകുന്ന മുറയ്ക്ക് അതുവഴി ചികിത്സയ്ക്കായി എത്തുന്ന രോഗികളുടെ ചികിത്സയ്ക്ക് ചിലവാകുന്ന തുക റീ ഇമ്പേഴ്സ് ചെയ്യാനുള്ള സംവിധാനവും സജ്ജമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ